# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 22** — **28/10/2019 ൽ മറുപടി നൽകേണ്ടിയിരുന്നത്**

### ഫയൽ അദാലത്തുകൾ

ചോദ്യം
ശ്രീ. പി. ഉബൈദുള്ള

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2019 ഒക്ടോബർ 2 -ന മുമ്പ് കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളും തീർപ്പാക്കണമെന്ന മന്ത്രിസഭാ തീരുമാനമനുസരിച്ച് നാളിതുവരെ ഏതെല്ലാം വകുപ്പുകളിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചു; ഇതുവഴി എത്ര ഫയലുകൾ തീർപ്പാക്കി; വിശദാംശം നൽകുമോ; | (എ) | ഫയൽ തീർപ്പാക്കൽ തീവ്രയത്നം പരിപാടിയുമായി ബന്ധപ്പെട്ട് ഗവ.സെക്രട്ടേറിയറ്റിലും സംസ്ഥാനത്തെ എല്ലാ വകുപ്പുമേധാവികളുടെ ഓഫീസുകളിലും ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഫയൽ അദാലത്തിലൂടെ 11,00,675 ഫയലുകൾ തീർപ്പാക്കിയിട്ടിട്ടുണ്ട്. 2019 ജൂലായ് 31 വരെ വകുപ്പുകളിൽ ലഭ്യമായ ഫയലുകളിന്മേലാണ് ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചത്. 2019 ഓഗസ്റ്റ് ഒന്ന് മുതൽ ഒക്ടോബർ 31 വരെയുള്ള മൂന്ന് മാസമാണ് ഫയൽ അദാലത്തുകൾ നടപ്പാക്കിയത്. |
| (ബി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മാത്രം എത്ര ഫയലുകൾ തീർപ്പാക്കി; കണക്കുകൾ വെളിപ്പെടുത്തുമോ; | (ബി) | ഫയൽ തീർപ്പാക്കൽ തീവ്രയത്നത്തിലൂടെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മാത്രം തീർപ്പാക്കിയ ഫയലുകളുടെ എണ്ണം 97,929 ആണ്. 2019 ജൂലായ് 31 വരെ ലഭ്യമായ ഫയലുകളിൽ 2019 ഒക്ടോബർ 31 വരെയുള്ള മൂന്ന് മാസത്തിനുള്ളിൽ 48.5 ശതമാനം ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇ-ആപ്ലിക്കേഷൻ വഴി മാത്രം എത്ര പരാതികൾ ലഭിച്ചു; അവയിൽ എത്രയെണ്ണം തീർപ്പാക്കി; വിശദാംശങ്ങൾ നൽകുമോ? | (സി) | 24.10.2019 വരെയുള്ള കണക്കനുസരിച്ച് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സംവിധാനമായ cmo.kerala.gov.in എന്ന വെബ്പോർട്ടൽ വഴി 2,34,559 പരാതികൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇവയിൽ 1,63,302 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 71,257 പരാതികളിൽ നടപടി തുടർന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ